# മുഖക്കുറിപ്പിൽ പ്രതിഫലിക്കുന്നത് കേരളീയന്റെ വികാരം

**'അരുത്** സഹോദരങ്ങളേ, അരുത്' എന്ന മുഖക്കുറിപ്പ് (ലക്കം: 33) ശ്രദ്ധേയമായി. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കേരളത്തിലെ മതസൗഹാർദം തകർക്കാൻ ബോധപൂർവമായ ശ്രമം പല കോണുകളിൽനിന്നും ഉണ്ടാകുന്നുണ്ട്. മതസംഘടനകൾ കുറച്ചുകൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. സമാധാനം, സഹിഷ്ണുത, പരസ്പരവിശ്വാസം മുതലായ മൂല്യങ്ങളിൽ വിശ്വസിക്കുന്നവരാണ് കേരളജനത. അവർ പ്രകോപനങ്ങൾക്ക് പെട്ടെന്ന് വശംവദരാകുന്നവരല്ല. തീവ്ര ഹിന്ദുത്വ സംഘടനകൾ ഇക്കാലമത്രയും കിണഞ്ഞു ശ്രമിച്ചിട്ടും കേരളത്തിൽ ഹൈന്ദവ മനസ്സിനെ വർഗീയമായി സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുസ്‌ലിം സമുദായത്തിൽ ഇത്തരം സംഘടനകൾ ഉയർന്നുവരുന്നത് അവർ പ്രതീക്ഷയോടെയാണ് കാണുന്നത്. ചെന്നായ്ക്കളുടെ മനസ്സുള്ളവരാണ് ഭീകരസംഘടനകളിൽ ചേക്കേറുന്നത്. അവർക്ക് മനുഷ്യരെ മനുഷ്യരായി കാണാൻ കഴിയില്ല. മനസ്സിന് വർഗീയത്തിമിരം ബാധിച്ചവരാണ് ഇത്തരക്കാർ.


ഓരോ മതവിഭാഗവും പരസ്പരം ആശയങ്ങൾ പങ്കുവെക്കുകയും അന്യമതങ്ങളോട് സഹിഷ്ണുത പുലർത്തുകയും വേണം. സ്വന്തം മതാഭിമാനം അതിരുകടക്കുമ്പോഴാണ് തീവ്രവാദമായി മാറുന്നത്. ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കൾ പൊതുവെ സമാധാനപ്രിയരാണ്. ഓരോ മതവും ഏകമായ സത്യത്തിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങളാണെന്ന് വിശ്വസിക്കുന്നവരാണവർ. സഹോദര സമുദായക്കാരോട് അങ്ങേയറ്റം മാന്യത പുലർത്തണമെന്നാണ് മുഹമ്മദ് നബിയും പഠിപ്പിച്ചത്. തന്നെ സന്ദർശിച്ച ക്രൈസ്തവ വിശ്വാസികളെ മുസ്‌ലിം പള്ളിയിൽ ക്രിസ്തീയ രീതിയിൽ ആരാധന നടത്താൻ അനുവദിച്ചുകൊണ്ട് സഹിഷ്ണുതയുടെ ഉത്കൃഷ്ടമാതൃക നബി കാണിച്ചുതന്നിട്ടുണ്ട്. സ്വന്തം വിശ്വാസം മാത്രമാണ് സത്യം എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. എന്നാൽ അന്യമതങ്ങളോട് സഹിഷ്ണുത നിഷ്കർഷിക്കുകയും ചെയ്യുന്നു. പ്രസിദ്ധ ചിന്തകനായ ഫ്രാൻസിസ് ബേക്കൻ അദ്ദേഹത്തിന്റെ 'Of Truth' എന്ന പ്രബന്ധത്തിൽ പറയുന്നു: 'സത്യം മനസ്സിലാക്കിയവർ അത്രത്തോളം ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവരെ സഹാനുഭൂതിയോടെ കാണണം; ഗർവോടയല്ല.' തീവ്രവാദ സംഘടനകളിൽ അണിചേരുന്നവരെ മുസ്‌ലിംകളായി കാണാൻ കഴിയില്ല. പല മുസ്‌ലിം രാജ്യങ്ങളിലും ജനങ്ങളുടെ സമാധാനജീവിതത്തിന് ഏറ്റവും വലിയ ഭീഷണി ഇത്തരം വഴിതെറ്റിയ വിശ്വാസികളാണ്. അവരുടെ സമരത്തെ അവർ സ്വയം 'ജിഹാദ്' എന്ന് വിളിക്കുന്നു. ഇത് ജിഹാദിനെക്കുറിച്ച് തെറ്റുധാരണയുണ്ടാക്കുന്നു.

ഇന്ന് ഒരു മതത്തിനും സ്വയം സമ്പൂർണമാണെന്ന് അവകാശപ്പെടാനാവില്ല. എന്നാൽ ഇന്ന് നിലവിലുള്ള വേദഗ്രന്ഥങ്ങളിൽ ഏറ്റവും ആധികാരികത അവകാശപ്പെടാൻ കഴിയുക വിശുദ്ധ ഖുർആന് മാത്രമാണ്. എല്ലാ പ്രവാചകന്മാരും ഉദ്ബോധിപ്പിച്ചത് ഏകദൈവവിശ്വാസമാണെന്ന് നാം അറിയുന്നത് ഖുർആനിൽനിന്നാണ്. മുസ്‌ലിംകളുടെ മാത്രമല്ല, എല്ലാ മനുഷ്യരുടെയും യഥാർഥ വഴികാട്ടിയാണ് ഖുർആൻ. അന്ത്യപ്രവാചകന്റെ ഉപദേശ നിർദേശങ്ങളാണ് മുസ്‌ലിംകൾ പിന്തുടരാൻ ശ്രമിക്കുന്നത്. പൂർവപ്രവാചകന്മാരുടെ ദർശനങ്ങളും ഉപദേശങ്ങളും മറ്റുമാണ് സഹോദര സമുദായങ്ങളുടെ ഗ്രന്ഥങ്ങളിൽ കാണുന്നത്. ജനങ്ങൾക്ക് ഇന്നും ഉപകാരപ്പെടുന്ന ഒട്ടേറെ കാര്യങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട് എന്നത് നിസ്തർക്കമാണ്. ഈ ഗ്രന്ഥങ്ങളോട് മുസ്‌ലിംകൾ പൊതുവെ നിഷേധാത്മക സമീപനമാണ് സ്വീകരിക്കാറുള്ളത്. ഈ ഗ്രന്ഥങ്ങളെ കണ്ണടച്ച് നിഷേധിക്കുകയാണ് തങ്ങളുടെ കടമ എന്ന രീതിയിലുള്ള സമീപനമാണ് അവരുടേത്. ഇന്ത്യയിലെ മുസ്‌ലിംകൾ ഹൈന്ദവസമുദായത്തിലാണ് ജനിച്ചിരുന്നതെങ്കിൽ ഖുർആന്റെ വെളിച്ചം അവർ തിരിച്ചറിയുമായിരുന്നോ? സത്യത്തെ വിവേചിച്ചറിഞ്ഞ് പിന്തുടരുന്നവരാണ് യഥാർഥ മുസ്‌ലിംകളെങ്കിൽ പല മുസ്‌ലിംകളെയും ആ കൂട്ടത്തിൽ പെടുത്താൻ കഴിയില്ല.

ജനങ്ങൾക്കിടയിൽ സൗഹാർദവും സാഹോദര്യവും നിലനിന്നുകാണണമെന്ന ആത്മാർഥമായ ആഗ്രഹമാണ് മുഖക്കുറിപ്പിൽ പ്രതിഫലിക്കുന്നത്. സമാധാനകാംക്ഷികളായ ഓരോ കേരളീയന്റെയും വികാരമാണത്. വാൽമീകി മഹർഷിയെപ്പോലെ 'അരുത് കാട്ടാളാ, അരുത്' എന്നാണ് പറയാൻ തോന്നുന്നത്. മുഖക്കുറിപ്പിന് അഭിനന്ദനങ്ങൾ.

**വിനോദ് കുമാർ എടച്ചേരി**

## ● കത്തുകൾ




# ഇബ്റാഹീം മാഷില്ലാത്ത ഗ്രാമം

**2007** ജനുവരി 15-ന് വാഹനാപകടത്തിൽ മരണപ്പെട്ട വടകരയിലെ ഇബ്റാഹീം സാഹിബിനെ ബഹ്റൈനിൽവെച്ചാണ് പരിചയപ്പെട്ടത്. ബഹ്റൈനിൽ പ്രവർത്തിക്കുന്ന കെ.ഐ.സി (പിന്നീട് കെ.ഐ.ജി ആയി) പ്രവർത്തകനായിരുന്നു അദ്ദേഹം. മലപ്പുറത്തുകാരൻ ടി. മുഹമ്മദ് സാഹിബിന്റെ ഖുർആൻ ക്ലാസ്സിലേക്ക് അദ്ദേഹം എന്നെ ക്ഷണിച്ചു. മനമില്ലാ മനസ്സോടെയാണ് ഞാൻ പോയത്. ആ ക്ലാസ് എനിക്ക് ഒരു പുതിയ അനുഭവമായിരുന്നു. അതിനു മുമ്പ് ഒരിക്കലും ഇങ്ങനെയൊരു ഖുർആൻ ക്ലാസ് കേട്ടിട്ടില്ല. എന്റെ ജീവിതത്തിന് ഒരു പുതിയ വെളിച്ചം വഴികാണിക്കുകയായിരുന്നു. മഞ്ഞ പുസ്തകം മാത്രം വായിച്ചു ശീലിച്ച എനിക്ക് ഒരു പുതിയ വായനാസംസ്കാരം ഉണ്ടാക്കിയെടുക്കാൻ ഇബ്റാഹീം മാഷിന്റെ പ്രേരണയാൽ സാധിച്ചു.

പ്രസ്ഥാന പ്രവർത്തകനാണ് എന്ന് അറിഞ്ഞതോടെ കുടുംബക്കാർക്കും മഹല്ല് വാസികൾക്കും ഞാനൊരു അന്യനായി. ഇസ്‌ലാമിന്റെ പേരിൽ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശരിയാണോ എന്ന് നാട്ടിലെ 'ആത്മീയ' നേതാക്കളോട് ചോദിച്ചപ്പോൾ, 'ഇതൊരു പകർച്ചവ്യാധിയാണ് സൂക്ഷിക്കണം' എന്ന മുന്നറിയിപ്പ് മഹല്ലിലൊട്ടാകെ പ്രചരിപ്പിക്കുകയാണ് അവർ ചെയ്തത്. എല്ലാവരും ചേർന്ന് എന്നെ ഒറ്റപ്പെടുത്തുകയായിരുന്നു. ജനിച്ചു വളർന്ന എന്റെ ഗ്രാമം ഉപേക്ഷിച്ച്, അടുത്ത ഗ്രാമമായ കുന്നുമ്മക്കരയിൽ ഞാൻ താമസമാക്കി. അവിടെയാണ് ഇബ്റാഹീം മാഷും സഹപ്രവർത്തകരും താമസിക്കുന്നത്. ഈ പ്രാവശ്യം ലീവ് കഴിഞ്ഞ് തിരിച്ചുവരുമ്പോൾ യാത്രയയക്കാൻ മാഷും വീട്ടിൽ വന്നിരുന്നു. അത് അവസാനത്തെ കൂടിക്കാഴ്ചയാകും എന്ന് ആരറിഞ്ഞു? അദ്ദേഹത്തിന്റെ വിയോഗം മനസ്സിൽ വല്ലാത്ത ശൂന്യത സൃഷ്ടിക്കുന്നു. ഇബ്റാഹീം മാഷില്ലാത്ത ഗ്രാമത്തിലേക്ക് പോകണമല്ലോ എന്നോർത്ത് മനസ്സ് അസ്വസ്ഥമാകുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനും ബന്ധുമിത്രങ്ങൾക്കും അല്ലാഹു ആശ്വാസവും മനസ്സമാധാനവും നൽകട്ടെ. അദ്ദേഹത്തിന്റെ കർമങ്ങൾ സ്വീകരിക്കുമാറാകട്ടെ-ആമീൻ.

**ഹമീദ് കിടഞ്ഞി, ബഹ്റൈൻ**

# വലിച്ചെറിയാത്ത 'തിരിച്ചറിവുകൾ'

**'വലിച്ചെറിയലിലെ** തിരിച്ചറിവ്' (കത്തുകൾ, ലക്കം 34) വായിച്ചു. പരിസരമലിനീകരണം മാത്രമല്ല പ്രശ്നം. ഒരു സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണത്. ഇസ്‌ലാം പ്രയാസമല്ല, എളുപ്പമാണ് ഉദ്ദേശിക്കുന്നതെന്ന തത്ത്വം ഇതുമായി കൂട്ടിച്ചേർക്കുമ്പോൾ ഏച്ചുകെട്ടൽ അനുഭവപ്പെടുന്നു.

ഡിസ്പോസബ്ൾ ഗ്ലാസ്സുകൾ ഇറങ്ങുന്നതിനു മുമ്പുള്ള അവസ്ഥയെക്കുറിച്ചാലോചിക്കേണ്ട. ഇപ്പോൾ ഡിസ്പോസബ്ൾ നാടു നിറഞ്ഞുനിൽക്കുമ്പോൾ അതിനെതിരെ നീന്തുന്നവർക്ക് ഒരു പ്രയാസവും തോന്നുന്നില്ല. പതിനായിരങ്ങൾ ചേർന്നാലും ഇഛാശക്തിയും ആത്മവിശ്വാസവുമുണ്ടെങ്കിൽ ഇതൊന്നും ഒരു പ്രശ്നമേയല്ലെന്നും നാടോടുമ്പോൾ നടുവെ ഓടേണ്ടതില്ലെന്നും ഈയിടെ പത്തിരിപ്പാലയിൽ സമ്മേളിച്ചപ്പോഴും പ്രസ്ഥാനപ്രവർത്തകർ കാണിച്ചുതന്നതല്ലേ? അവിടെ പ്രയാസമല്ല എളുപ്പമാണ് അല്ലാഹു ഉദ്ദേശിച്ചതെന്ന് പറഞ്ഞ് വലിച്ചെറിയൽ പാത്രങ്ങൾ വാങ്ങിയിരുന്നെങ്കിൽ ഒരാഴ്ച ആ ഭാഗത്ത് ആളുകൾക്ക് നടക്കാൻ കഴിയുമായിരുന്നോ? എത്ര ഭംഗിയായാണ് അവിടെ കാര്യങ്ങൾ കൈകാര്യം ചെയ്തത്? ആ പ്ലെയിറ്റും ഗ്ലാസ്സും ഈ സംസ്കാരത്തിന്റെ മഹത്വമറിയിച്ച് ഇന്നും വീടുകളിലുണ്ട്.

നമ്മുടെ റോഡുകളുടെ ഇരുവശവും ചാക്കുകെട്ടുകളിലും മറ്റുമായി വലിച്ചെറിയപ്പെടുന്ന ഈ 'എളുപ്പ മാർഗങ്ങൾ' എത്രയെത്ര പാരിസ്ഥിതിക പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നതെന്ന് പറഞ്ഞറിയിക്കേണ്ടതുണ്ടോ? നമ്മുടെ പുഴയോരങ്ങളിൽ കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങളൊക്കെ ഇങ്ങനെ 'എളുപ്പം നോക്കികൾ' വലിച്ചെറിഞ്ഞതല്ലേ?

പിന്നെ കല്യാണങ്ങളും സൽക്കാരങ്ങളുമൊക്കെ കൊക്കിൽ ഒതുങ്ങുന്നതാക്കിയാൽ ഇത്ര ബേജാറാവേണ്ടതില്ല. ഒരു സ്ത്രീയെ പാത്രം കഴുകാൻ വിളിച്ചാൽ നാനൂറ് രൂപ കടന്ന കൈയാണ്. എത്രയായാലും ആയിരങ്ങൾ ചെലവഴിക്കുമ്പോൾ 4 കുടുംബത്തിലെ സ്ത്രീകൾക്ക് ഒരു ദിവസക്കൂലിയെങ്കിലും നൽകുന്നത് ധൂർത്താകുമോ? 'എത്ര വില കൊടുത്തും സിഡ്പോസബ്ൾ വാങ്ങാം, വാടകയോ കൂലിയോ കൊടുത്തുകൂടാ'- ഈ സമീപനം ശരിയാണോ?

വാഴയിലയിലെ രാസഘടകങ്ങളുടെ കണ്ടെത്തൽ അത്ഭുതമായിരിക്കുന്നു. വമ്പിച്ച തോതിൽ മാരക രാസപദാർഥങ്ങൾ ചേർത്ത് നിർമിക്കുന്ന ഡിസ്പോസബ്ൾ പ്ലേറ്റുകളിൽ പൊടിപോലും തട്ടാതെ ചൂടുള്ള ചോറു വിളമ്പി കഴിക്കുമ്പോൾ എന്താണ് നാം വയറ്റിലാക്കുന്നത്? വാഴയില കഴുകി ഉപയോഗിക്കുന്നതുമായി ബന്ധപ്പെടുത്തി നോക്കിയാൽ ഏതാണുത്തമമെന്ന് രണ്ടു വട്ടം ആലോചിക്കേണ്ടതുണ്ടോ?

നമ്മുടെ വീടും പരിസരവും കാലെടുത്തുവെക്കാൻ കഴിയാത്തവിധം പ്ലാസ്റ്റിക് കാരിബേഗുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഒന്നു ശ്രമിച്ചാൽ കുറേയൊക്കെ മാറ്റാൻ കഴിയുന്നതല്ലേ ഈ ശീലം?

ഫ്ളക്സ് ബോർഡുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലേഖകൻ എടുത്തുപറയുന്നു. ജമാഅത്ത്/ സോളിഡാരിറ്റി സമ്മേളനങ്ങൾ ജനങ്ങളെ ആകർഷിക്കുന്നത് ഫ്ളക്സ് ബോർഡ് വെച്ചാണോ? പരസ്യത്തിനു വേണ്ടിയാണല്ലോ ഈ ഫ്ളക്സ്. അതില്ലാതെ ത്തന്നെ നടക്കുമെങ്കിൽ ഫ്ളക്സിനു വേണ്ടി നാമെന്തിനു മസിലു പിടിക്കണം?

ചുരുക്കത്തിൽ, ഉപയോഗിച്ച് വലിച്ചെറിയുക എന്ന മുതലാളിത്ത സംസ്കാരത്തിനെതിരെ സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിനു വേണ്ടിയുള്ള ഒരു സമരായുധമായി ഈ സംരംഭത്തെ ഏറ്റെടുക്കാൻ ഒരു ജനത മുന്നോട്ടുവന്നുകൊണ്ടിരിക്കുമ്പോൾ ഇടക്കു വെച്ചുള്ള ഈ 'തിരിച്ചരിവ്' ഗുണം ചെയ്യുമെന്നു തോന്നുന്നില്ല. ഈ കുറിപ്പുകാരന്റെ നാട്ടിൽതന്നെ എല്ലാതരം എതിർപ്പുകളും അവഗണിച്ച് വിവാഹങ്ങളും മറ്റും 'വലിച്ചെറിയാതെ' തന്നെ വിജയകരമായി നടത്തിവരുന്ന അനുഭവത്തിന്റെ വെളിച്ചത്തിലാണീ കുറിപ്പ്.

**പി.സി മുഹമ്മദ് കുട്ടി, തിരുത്തിയാട്**

# ഡിസ്പോഫോബിയ എന്നാൽ.....

**ഒഴുക്കിനെതിരെ** നീന്തുന്നവനാണ് വിശ്വാസി. അയാൾക്കൊരിക്കലും ജാഹിലിയ്യാ വ്യവസ്ഥിതിയുടെ ഭാഗമാകാൻ കഴിയില്ല. ലോകം സുഷുപ്തിയിലാണ്ടു കിടക്കുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുന്നവൻ, മഞ്ഞുകാലത്തും ചൂടുകാലത്തും മാറിമാറി നോമ്പെടുക്കുന്നവൻ, മുതലിന്റെ അളവ് നോക്കി സകാത്ത് നൽകുന്നവൻ, എല്ലാറ്റിനുമുപരി തന്റെ ആദർശത്തിന് എത്ര പ്രതിലോമകരമായ സാഹചര്യങ്ങളിലും വാക്കുകൾകൊണ്ടും കർമങ്ങൾ കൊണ്ടും ജീവൻ നലൽകുന്നവൻ. അവൻ മാത്രമേ വിശ്വാസിയാകൂ. ഇത്രയും മതി 'വലിച്ചെറിയലിലെ തിരിച്ചറിവ്' എന്ന കത്തിന് മറുപടിയായി.

മുതലാളിത്ത സംസ്കാര തിരസ്കാരം ശാഖാപരമായ പ്രശ്നമല്ല; ഒരു നിലപാടാണ്. ദൂരക്കാഴ്ചയുള്ള ഒരു പ്രസ്ഥാനം മുന്നോട്ടുവെക്കുന്ന സുചിന്തിതമായ നിലപാട്. ആ നിലപാടിലൂന്നി പറയട്ടെ, ഇത് ജിഹാദ് തന്നെയാണ്. പാലിക്കാൻ ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിത്തന്നെ ധീരതയോടെ ഏറ്റെടുത്ത വെല്ലുവിളി!

സോളിഡാരിറ്റി സംസ്ഥാന സമ്മേളനത്തിൽ നാം ഡിസ്പോസബ്ൾ വേണ്ടെന്നുവെച്ചു. ഫ്ളക്സ് ബോർഡുകൾ ഒഴിവാക്കി. പ്രചാരണത്തിന് എന്തൊക്കെ ത്യാഗങ്ങൾ സഹിച്ചുവെന്നത് ഒരു പാലക്കാട്ടുകാരനായ എനിക്ക് നല്ലവണ്ണം അറിയാം. മഴയിൽ കുതിർന്നുപോയ സമ്മേളനത്തിന്റെ പിറ്റേ ദിവസം തന്നെ ഞങ്ങൾ നഗരം ശുചിയാക്കി. കൂട്ടത്തിൽ പലരാലും ശ്രദ്ധിക്കപ്പെട്ട ഒരു കാര്യമുണ്ട്; ഫ്ളക്സ് ഉപയോഗം ഒഴിവാക്കിയതും പ്ലാസ്റ്റിക് തിരസ്കാരവും. പലരും എടുത്തു പറഞ്ഞ ഈ കാര്യം വളരെ എളുപ്പത്തിൽ സാധിച്ച ഒന്നല്ല, ഒരുപാട് ത്യാഗം സഹിച്ചിട്ടുണ്ട്.

വലിയ പരിപാടിയിൽ ഗ്ലാസ്സും പാത്രവും കഴുകുന്നത് 'ഇസ്റാഫി'ന്റെ പട്ടികയിൽ പെടുത്തുന്ന കുറിപ്പുകാരൻ ഡിസ്പോസബ്ൾ വന്നില്ലായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?

**ടി.എം സജതിൽ മുജീബ്**
**പാലക്കാട്**

# തകർക്കപ്പെടേണ്ട വ്യവസായം

**സ്വദ്റുദ്ദീൻ** വാഴക്കാട് എഴുതിയ 'മഖ്ബറ വ്യവസായം'(ലക്കം: 34) അന്ധവിശ്വാസത്തെ ചൂഷണം ചെയ്യുന്ന വിഭാഗങ്ങളുടെ തനിനിറം തുറന്നുകാണിക്കുന്നതായി. ഇസ്‌ലാമിന്റെ ചെലവിൽ സമുദായത്തിൽ പ്രചരിപ്പിക്കുന്ന മൂഢവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കുമെതിരെ *പ്രബോധനം* ഇതുപോലെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഇസ്‌ലാമികമുന്നേറ്റം സാധ്യമാവണമെങ്കിൽ ഇത്തരം വ്യവസായങ്ങളെ തകർത്തേ മതിയാവൂ.

**ടി.കെ ഇബ്റാഹീം മൗലവി, കുറ്റ്യാടി**